ബ്ലേഡ് കമ്പനികളുടെ കാര്യം റിസർവ് ബാങ്ക് ശ്രദ്ധിച്ചുവോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

1985 ഒക്ടോബറിൽ കേരളഗവണ്മെൻറ് പ്രഖ്യാപിച്ച ഒരു ഓർഡിനൻസ് ബ്ലേഡ് കമ്പനികളെ നിയന്ത്രിക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. 1986-ൽ കേരള ധനകാര്യമന്ത്രിയായിരിക്കേ ശ്രീ തച്ചടി പ്രഭാകരൻ ബ്ലേഡ് കമ്പനികൾക്കെതിരെ ശക്തമായ ഒരു പ്രചാരവേല നടത്തി. പക്ഷേ, ഇതുകൊണ്ടൊന്നും ഒരു പ്രയോജനവുമുണ്ടായില്ല.

നിക്ഷേപകരുടെ നാനൂറുകോടി രൂപ വെള്ളത്തിലായി എന്നതുമാത്രമല്ല, ബ്ലേഡ് കമ്പനികളുടെ പ്രവർത്തനഫലമായി ഇവിടെ സംഭവിച്ചിട്ടുള്ളത്. കേരളത്തിൽ ഭൂസ്വത്തിനും നിത്യോപഭോഗവസ്തുക്കൾക്കും വില അടുത്തകാലത്തായി കുതിച്ചുകയറിയതിനു കാരണം, വളരെ വലിയ അളവിൽ, ബ്ലേഡ് കമ്പനികളുടെ പ്രവർത്തനമാണെന്നു വിശ്വസിക്കപ്പെടുന്നുണ്ട്. പല ബ്ലേഡ് കമ്പനിയുടമകളും പത്രവായനക്കാരുടെ വീരനായകന്മാരായി മാറിയിരിക്കുന്നു. വരുന്ന ഏതാനും വർഷങ്ങളിൽ കേരളത്തിൽ ബോക്സോഫീസ് വിജയമായിത്തീരുന്ന സിനിമപ്പടങ്ങളിൽ പലതും ഈ വീരനായകന്മാരുടെ ധീരസാഹസത്തട്ടിപ്പുകളെ അവലംബിച്ചുള്ളവ ആയിക്കൂടായ്കയില്ല.

ബ്ലേഡിനെപ്പററി, നേരിട്ട് അനുഭവമില്ലാത്തതിനാൽ, എനിക്ക് ഇത്രയൊക്കെയേ എഴുതാനുള്ളു. ഇതു വായിക്കുന്ന നിങ്ങളിൽ പലർക്കും കാണും, നേരിട്ടുള്ള ബ്ലേഡ് അനുഭവങ്ങൾ. അവയെപ്പററി എഴുതാമോ? ഒരുപക്ഷേ, നിങ്ങളുടെ ലേഖനങ്ങൾക്കുവേണ്ടി നമ്മുടെ ആനുകാലികങ്ങളുടെ വായനക്കാർ ക്യൂ നിന്നുകൂടായ്കയില്ല.

(19 ജൂലൈ, 1987)

# 103. ഉരുളക്കിഴങ്ങ്

1987-ാമാണ്ട് അവസാനിക്കാൻ അടുത്തിരിക്കുകയാണല്ലോ. കൃഷിവിദഗ്ധരേ, ശ്രദ്ധിക്കുക! വേണമെങ്കിൽ നിങ്ങൾക്ക്, പരിഷ്കൃതലോകം ഉരുളക്കിഴങ്ങു കണ്ടുപിടിച്ചതിന്റെ നാനൂററമ്പതാം വാർഷികം ഈ ആണ്ടിൽ അവശേഷിക്കുന്ന മാസങ്ങളിൽ ആഘോഷിക്കാം.

ഡോൺഗോൺസാലോ ജിമെനേസ്ഡി ക്വെസാഡ എന്ന ഒരു സ്പെയിൻകാരനാണത്രെ ക്രിസ്തുവർഷം 1537-ൽ തെക്കേ അമേരിക്കയിലെ 'ഹിമാലയം' ആയ ആൻഡീസ് പർവതനിരകളുടെ മുകളിലൊരു സ്ഥലത്തു് അന്നാട്ടുകാർ കൃഷിചെയ്തിരുന്ന ഉരുളക്കിഴങ്ങു കണ്ടെത്തിയതു്. കൊളംബസ് അമേരിക്ക കണ്ടുപിടിച്ചിട്ട് അന്നേക്ക് നാല്പത്തഞ്ചു വർഷം കഴിഞ്ഞിരുന്നു. തെക്കെ അമേരിക്കയിലെ മെക്സിക്കോവിലെ ആസ്റ്റെക്കുകളുടെയും പെറുവിലെ ഇങ്കമാരുടെയും അപരിമിതമായ സ്വർണസമ്പത്തിനെപ്പററിയുള്ള കെട്ടുകഥകൾ അതിനകം യൂറോപ്പിലാകെ പ്രചരിച്ചിരുന്നു. തെക്കെ അമേരിക്കയിലെ കടൽത്തീരം നിറയെ പക്ഷിമുട്ടകൾപോലെ സ്വർണക്കട്ടികൾ ഉരുണ്ടുകളിക്കുന്നതായും, ഉൾക്കടലുകളിൽ മണൽത്തരികൾപോലെ മുത്തുകൾ പരന്നുകിടക്കുന്നതായും, മലകൾ രത്നങ്ങൾകൊണ്ടു വെട്ടിത്തിളങ്ങുന്നതായും സ്വപ്നം കണ്ടുകൊണ്ടു കഷ്ടപ്പെട്ടു കടൽ കടന്ന് അവിടെയെത്തിയ ക്വെസാഡ തികച്ചും നിരാശനായി എന്നു പറയേണ്ടതില്ല. എന്നാൽ, ആൻഡീസ് മലകൾക്കു മുകളിൽ സൊറോകോട്ട എന്ന സ്ഥലത്തു മണ്ണിനടിയിൽനിന്നു പക്ഷിമുട്ട

കൾപോലെയുള്ള ചില കിഴങ്ങുകൾ നാട്ടുകാരായ അമേരിന്ത്യക്കാർ കിള ച്ചെടുക്കുന്നതു് അയാൾ കണ്ടു. ചുട്ടോ, പുഴുങ്ങിയോ, വറുത്തോ അരച്ചു കാ ക്കിയോ, എങ്ങനെയായാലും സ്വാദോടെ കഴിക്കാവുന്ന ഭക്ഷ്യവിഭവമാറു ണ്ടു് ഈ കിഴങ്ങുകൾ എന്നും അയാൾ മനസ്സിലാക്കി. യൂറോപ്പിലെ വീടമ്മമാർക്കു് ഉരുളക്കിഴങ്ങു പരിചയപ്പെടുത്തിക്കൊടുത്തതു് കെ്വസാഡയട്ടണത്രെ.

ആണോ? ഗവേഷകൾക്കു തീർച്ചയില്ല. സ്ഥിരീകരിക്കാനോ, നിഷേ ധിക്കാനോ പററാത്ത പല ഐതിഹ്യങ്ങളും ഇല്ലേ? അക്കൂട്ടത്തിൽ ഒന്നു് എന്നേ ഈ ഐതിഹ്യത്തെപ്പററിയും പറയാനാവൂ.

ഭൂമി ചുററി കപ്പലോടിച്ച ആദ്യത്തെ ഇംഗ്ലീഷുകാരൻ എന്നറിയപ്പെ ടുന്ന സർ ഫ്രാൻസിസ് ഡ്രേക്ക് (ക്രിസ്തുവർഷം 1544–1596) ആണു് ഇംഗ്ലണ്ടിൽ ഉരുളക്കിഴങ്ങിന്റെ കൃഷിയും ഭക്ഷണവും പ്രചരിപ്പിച്ചതു് എന്നൊരു വിശ്വാസം നിലവിലുണ്ടു്. സ്പെയിൻകാരുടെ കടൽപ്പടയുമാ യി നീണ്ടകാലം പൊരുതിയ ഈ ബ്രിട്ടീഷ് നാവികസേനാധിപതി അമേരിക്കയിലെ സ്പാനിഷ് കോളനികൾ കവർന്നു തിരിച്ചുവരുമ്പോൾ, തന്റെ പടയാളികൾക്കു കപ്പലിൽവച്ചു തിന്നുന്നതിനുവേണ്ടി കുറെയധി കം ഉരുളക്കിഴങ്ങു് തെക്കേ അമേരിക്കയിൽനിന്നു് ഇംഗ്ലണ്ടിൽ കൊ ണ്ടുവന്നുവത്രെ. അല്പകാലത്തിനുള്ളിൽ ഉരുളക്കിഴങ്ങുകൃഷി യൂറോപ്പിലാ കെ പ്രചരിച്ചു. യൂറോപ്പിൽ ഗോതമ്പുകൃഷി പല ആണ്ടുകളിൽ തുടർച്ച യായി പിഴച്ചപ്പോഴും, ജനങ്ങൾ പട്ടിണികിടന്നു ചാകാതിരുന്നതു് ഈ വിദേശീയ ഭക്ഷ്യവിഭവംമൂലമായിരുന്നു. ഈ ദിവ്യാനുഗ്രഹം തങ്ങൾക്കു നൽകിയ ഡ്രേക്കിനോടു് യൂറോപ്പിലെ കർഷകർക്കു കൃതജ്ഞത തോന്നി യതിൽ അത്ഭുതമില്ല. 1853–ാമാണ്ടിൽ, തെക്കേജർമനിയിലെ ഓഫൻ ബുർഗ് എന്ന സ്ഥലത്തു് ഡ്രേക്കിന്റെ ഒരു ശിലാപ്രതിമ കർഷകർ സ്ഥാപിച്ചു. ഈ പ്രതിമയുടെ ഒരു കൈയിൽ പൂക്കൾ നിറഞ്ഞ ഒരു ഉരുള ക്കിഴങ്ങുചെടി ചിത്രീകരിച്ചിരുന്നു. 'ക്ഷാമകാലത്തു പശിയടക്കാൻ ദൈവം ജനങ്ങൾക്കു നല്കിയ അനുഗ്രഹമാണു് ഉരുളക്കിഴങ്ങു്' എന്നൊരു വിജ്ഞാനശകലം ആ പ്രതിമയുടെ ചുവട്ടിൽ ആലേഖനംചെയ്തുമിരുന്നു. ഹിററ്ലറുടെ വാഴ്ചക്കാലത്താണു് ഈ പ്രതിമ നശിപ്പിക്കപ്പെട്ടതു്. ജർമൻകാരുടെ ദേശീയഭക്ഷ്യമായ ഉരുളക്കിഴങ്ങു് ശത്രുവായ ഒരു ഇംഗ്ലീഷു കാരന്റെ സമ്മാനമാണെന്നു് നാത്സി പാർട്ടി വകവച്ചുകൊടുക്കുമോ?

ഡ്രേക്ക് അല്ല, ഡ്രേക്കിന്റെ സമകാലികനായിരുന്ന സർ വാൾട്ടർ റാലിയാണു് ഇംഗ്ലണ്ടിൽ ഉരുളക്കിഴങ്ങു കൊണ്ടുവന്നതു് എന്നു കരുതുന്ന വരും കുറവല്ല. പക്ഷേ, റാലി കരുതിയതു്, ഉരുളക്കിഴങ്ങുചെടിയുടെ കായ് ആണു് തിന്നാൻകൊള്ളുക എന്നായിരുന്നുവത്രെ. സർ റാലിയുടെ ഒരു സ്നേഹിതൻ ഉരുളക്കിഴങ്ങുചെടി നട്ടുവളർത്തി; കായ് മൂത്തപ്പോൾ, അയല്ക്കാരെ വിളിച്ചു് ഒരു വിരുന്നുനടത്തുകയുംചെയ്തു. കയ്ച്ചിട്ടു് ഇറ ക്കാൻ കഴിയാത്ത ഒന്നായിരുന്നു അവരുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട പുതിയ ഭക്ഷ്യവിഭവം. വിരുന്നു നടത്തിയ ഗൃഹനാഥൻ ഇളിഭ്യനായെന്നു പറയേണ്ടതില്ല. പെട്ടെന്നുവന്ന കോപത്താൽ അയാൾ തന്റെ തോട്ടക്കാ രനെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. കുറച്ചു കഴിഞ്ഞു തോട്ടത്തിലേക്കു ചെന്ന ഗൃഹനാഥൻ കണ്ടതു്, തോട്ടക്കാരൻ ഉരുളക്കിഴങ്ങുചെടികൾ മുഴു വൻ തീയിട്ടു നശിപ്പിച്ചതായിരുന്നു. കത്തുന്ന ചെടികൾക്കടിയിൽ വെന്ത ഉരുളക്കിഴങ്ങിൽനിന്നു പരന്ന രോചകമായ സുഗന്ധം തോട്ടക്കാര നെ അതിനകം ആകർഷിച്ചിരുന്നു. അയാൾ കിഴങ്ങുകൾ പറിച്ചെടുത്തു രസത്തോടെ തിന്നുന്നതു കണ്ടു വീട്ടുടമസ്ഥനു് തനിക്കു പററിയ അമളി—റാലിക്കുപററിയ അമളി എന്നാണു പറയേണ്ടതു്—മനസ്സിലായി. തോട്ട ക്കാരനു ജോലി തിരിച്ചുകിട്ടി എന്നു പറയേണ്ടതില്ല.

ഉരുളക്കിഴങ്ങു കൃഷിയോടൊപ്പം, അതിനെക്കുറിച്ചുള്ള അന്ധവിശ്വാസങ്ങളും യൂറോപ്പിൽ പരന്നു. ചെകുത്താന്റെ ഉമിനീരിൽനിന്നുണ്ടായതാണു് ഉരുളക്കിഴങ്ങെന്നും അതു ഭക്ഷിച്ചാൽ അക്രമാസക്തിയും കാമവികാരവും വർദ്ധിക്കുമെന്നും പ്രചരിപ്പിക്കപ്പെട്ടു. പലേടത്തും ക്രൈസ്തവസഭകൾ ഉരുളക്കിഴങ്ങുകൃഷി നിരോധിച്ചു. പക്ഷേ, കാമവർദ്ധകമാണെന്ന പ്രസിദ്ധി ഉരുളക്കിഴങ്ങുകൃഷി യൂറോപ്പിൽ തുടരുന്നതിനു കാരണമായി. കാമവർദ്ധകങ്ങളായ ഭക്ഷ്യവിഭവങ്ങൾ യൂറോപ്പിലെ രാജാക്കന്മാർക്കും (രാജ്ഞിമാർക്കും) പ്രഭുക്കൾക്കും (പ്രഭ്വികൾക്കും) വേണ്ടമായിരുന്നു!

ക്രമത്തിൽ അന്ധവിശ്വാസങ്ങൾ തേഞ്ഞുമാഞ്ഞുപോയി; ഉരുളക്കിഴങ്ങു് യൂറോപ്പിൽ സാധാരണക്കാരുടെ മുഖ്യ ഭക്ഷ്യവസ്തുവായിത്തീർന്നു. ജർമനിയിലെ മഹാനായ ഫ്രെഡറിക്ക് എന്ന രാജാവു് (ക്രിസ്തുവർഷം 1620—1688) ഉരുളക്കിഴങ്ങുകൃഷിക്കു വലിയ പ്രോത്സാഹനം നൽകി. കർഷകർ നിർബന്ധമായും ഉരുളക്കിഴങ്ങു കൃഷിചെയ്യണമെന്നു ക്രിസ്തുവർഷം 1756—ൽ അദ്ദേഹം കല്പന പുറപ്പെടുവിച്ചു. തുടർന്നുനടന്ന യുദ്ധങ്ങളിൽ, പട്ടിണികിടന്നു ചാകാതെ ജർമൻകാരെ രക്ഷിച്ചതു് ഉരുളക്കിഴങ്ങായിരുന്നു.

ക്രിസ്തുവർഷം 1678 മുതൽ 1680 വരെ ഫ്രെഡറിക്ക് രാജാവു് ആസ്ട്രിയയോടു പടവെട്ടി. ഈ യുദ്ധത്തിനു് 'ഉരുളക്കിഴങ്ങുയുദ്ധം' എന്നുകൂടി പേരുണ്ടു്. ഫ്രെഡറിക്കിന്റെ സൈന്യം ബൊഹീമിയ ആക്രമിച്ചെങ്കിലും, അവിടെ കൂടാരമടിച്ചിരുന്ന ആസ്ട്രിയൻസൈന്യത്തോടു് അവർ ഏറ്റുമുട്ടിയില്ല. പകരം അവർ ബൊഹീമിയയിലെ ഉരുളക്കിഴങ്ങുതോട്ടങ്ങൾ കൊള്ളയടിച്ചു—ആസ്ട്രിയൻസൈന്യത്തിനു ഭക്ഷണം കിട്ടാതായി; യുദ്ധം തനിയെ നിലച്ചു. ഈ യുദ്ധത്തിനുശേഷം ഉരുളക്കിഴങ്ങുകൃഷി യൂറോപ്പിലാകെ പ്രചരിച്ചു.

'ഏഴു കൊല്ലത്തെ യുദ്ധ'ത്തിൽ ജർമൻകാർ (പ്രഷ്യക്കാർ) തടവുകാരനായി പിടിച്ച പാർമെൻറിയർ എന്ന ഫ്രഞ്ചു്വൈദ്യനാണു് ഫ്രാൻസിൽ ഉരുളക്കിഴങ്ങുകൃഷി പ്രചരിപ്പിച്ചതു്. ഇദ്ദേഹം പിന്നീടു് ഫ്രഞ്ചു്ഗവണ്മെൻറിന്റെ ആരോഗ്യവകുപ്പിന്റെ തലവനായിത്തീർന്നു. ജനങ്ങൾക്കു് ഉരുളക്കിഴങ്ങുകൃഷിയിൽ താല്പര്യം ഉളവാക്കാൻ പാർമെൻറിയർ ഒരു സൂത്രം പ്രയോഗിച്ചു. ഉരുളക്കിഴങ്ങുകൃഷി നടക്കുന്ന വയലുകളിൽ അദ്ദേഹം പട്ടാളക്കാരെ കാവൽനിർത്തി. നാട്ടുകാരാകട്ടെ, പട്ടാളക്കാരുടെ കണ്ണുവെട്ടിച്ചു് ഉരുളക്കിഴങ്ങു കട്ടുകൊണ്ടുപോയി നട്ടുവളർത്തുകയുംചെയ്തു.

കേരളത്തിൽ മരച്ചീനിക്കൃഷി പ്രചരിപ്പിച്ചതു്തിരുവിതാംകൂറിലെ വിശാഖംതിരുനാൾ മഹാരാജാവായിരുന്നുവല്ലോ. തിരുവനന്തപുരത്തു്, ഇപ്പോൾ ജവാഹർനഗർ സ്ഥിതിചെയ്യുന്ന സ്ഥലത്തിനു് 'മരച്ചീനിവിള' എന്ന പേരു വന്നതു്, അവിടെ വിശാഖംതിരുനാൾ മരച്ചീനി നട്ടുവളർത്തിയിരുന്നതു നിമിത്തമാണു്. നാട്ടുകാർ മരച്ചീനിക്കൃഷിയിൽ താല്പര്യം കാട്ടാതിരുന്നപ്പോൾ മഹാരാജാവു് ഈ പ്രദേശത്തു പട്ടാളക്കാരെ കാവൽ നിർത്തിയെന്നും, ഏതാനും ദിവസങ്ങൾക്കകം നാട്ടുകാർ മരച്ചീനിച്ചെടികൾ മുഴുവൻ കട്ടുപറിച്ചുകൊണ്ടുപോയെന്നും ഒരു കഥ കേട്ടിട്ടുണ്ടു്. ഫ്രഞ്ചു് കഥയുടെ മലയാളം പതിപ്പാവാം ഇതു്.

യൂറോപ്പിലെ ധനികർക്കു് ഉരുളക്കിഴങ്ങുഭക്ഷണം പഥ്യമാകാതിരുന്നതിനു് ഒരു കാരണമുണ്ടായിരുന്നു. ഉരുളക്കിഴങ്ങു തിന്നാൽ വയറിൽ ഗ്യാസ്നിറയും; അതു ശബ്ദത്തോടെ കീഴ്പോട്ടു പോവുകയുംചെയ്യും. തൊഴിലാളികളോ, കൃഷിക്കാരോ അധോവായുവിട്ടാൽ സാരമില്ല.

ധനികർ, പ്രത്യേകിച്ച് ധനികരുടെ സ്ത്രീകൾ, അങ്ങനെ ചെയ്യാമോ? അയ്യേ!

ക്രിസ്തുവർഷം 1765—ൽ പ്രസിദ്ധീകരിച്ച 'ഫ്രഞ്ച് ഗ്രാൻഡ് എൻസൈക്ലോപ്പീഡിയ'യിൽ ഉരുളക്കിഴങ്ങിനെപ്പററി പറയുന്ന കൂട്ടത്തിൽ ഇങ്ങനെ ഒരു വാക്യം ഉണ്ടത്രെ: 'കൃഷിക്കാരുടെയും തൊഴിലാളികളുടെയും ആരോഗ്യമുള്ള പെരുംകടലിലൂടെ ഒരു കഷണം കാററു ചൂളമടിച്ചു കടന്നുപോയാൽത്തന്നെ എന്തു്?'

അതെന്തായാലും, ഫ്രഞ്ച്‌വിപ്ലവകാലത്തു് മനുഷ്യവർഗത്തിന്റെ ഒരു മഹോപകാരി എന്ന നിലയിൽ പാർമെൻറിയറെ പാരീസിലെ തെരുവുകളിൽക്കൂടി ഘോഷയാത്രയായി കൊണ്ടുപോവുകയുണ്ടായി.

ഒന്നാംമഹായുദ്ധകാലത്തു് ഫ്രഞ്ച്ഗവണ്മെൻറ് പ്രസിദ്ധംചെയ്ത ഒരു ചുമർപ്പരസ്യത്തിൽ, ഉരുളക്കിഴങ്ങുപാടത്തു നിൽക്കുന്ന കൃഷീവലദമ്പതികളെ ഉററുനോക്കുന്ന ഒരു പട്ടാളക്കാരന്റെ ചിത്രവും അടിയിൽ ഇങ്ങനെ ഒരു കുറിപ്പും ഉണ്ടായിരുന്നു: 'പട്ടാളക്കാർക്കും ഫ്രാൻസിനും വേണ്ടി ഉരുളക്കിഴങ്ങു കൃഷിചെയ്യുക.' ജർമനിയിൽ ഇത്തരം പരസ്യങ്ങളിൽ അക്കാലത്തു കണ്ടിരുന്ന ലിഖിതം മറെറാരുവിധത്തിലായിരുന്നു: 'കൂടുതൽ ഉരുളക്കിഴങ്ങു വിളയിക്കുക. ജർമൻ ഉരുളക്കിഴങ്ങ് ഇംഗ്ലണ്ടിനെ തോല്പിക്കട്ടെ!' ഇപ്പോൾ ഫ്രഞ്ചുകാരെക്കാൾ കൂടുതൽ ഉരുളക്കിഴങ്ങു ഭക്ഷിക്കുന്നതു് ജർമൻകാരാണ്.

ക്രിസ്തുവർഷം 1845—1846—ൽ 'ബ്ലൈററ്' എന്ന രോഗം ബാധിച്ച് ഐർലാൻഡിലെ ഉരുളക്കിഴങ്ങുകൃഷി ആകെ നശിച്ചു. ഇതിനെത്തുടർന്നുണ്ടായ ക്ഷാമത്തിൽ പത്തുലക്ഷത്തോളം ഐറിഷുകാർ മരിച്ചു. പത്തു ലക്ഷത്തിലേറെ ഐറിഷുകാർ അമേരിക്കയിൽ കുടിയേറിപ്പാർക്കുകയും ചെയ്തു. 1845—ൽ ഐർലൻഡിലെ ജനസംഖ്യ എൺപത്തഞ്ചുലക്ഷത്തോളമായിരുന്നു; ഇതു് 1851—ൽ അറുപത്തഞ്ചര ലക്ഷമായി ചുരുങ്ങി.

ഉരുളക്കിഴങ്ങിൽ ഇരുപതിനായിരത്തോളം വ്യത്യസ്ത ഇനങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 'നെപ്പോളിയന്റെ ജോസഫൈൻ', 'കൈസർവില്യം', 'ഗോയ്ഥേ' എന്നൊക്കെ പല പേരുകളിൽ ഈ ഇനങ്ങൾ ജർമനിയിൽ അറിയപ്പെടുന്നു. ജർമൻഹോട്ടലുകളിലെ വിഭവവിവരപ്പട്ടികകളിൽ(മെനുകാർഡുകളിൽ)ഇങ്ങനെയൊക്കെ കാണാമത്രെ.

കൈസർവില്യം — തൊലികളയാതെ പുഴുങ്ങിയതു്!

നെപ്പോളിയന്റെ ജോസഫൈൻ—ഇന്നു രാത്രി!

ഗോയ്ഥേ—സൂര്യകാന്തിയെണ്ണയിൽ പൊരിച്ചതു്!

മഹാകവി ഗോയ്ഥേയ്ക്കു് അങ്ങനെ പററണം. കാളിദാസന്റെ ശാകുന്തളത്തെ പുകഴ്ത്തിയ അതേ ഔദാര്യത്തോടെ അദ്ദേഹം ഉരുളക്കിഴങ്ങിനെ വാഴ്ത്തിയും കവിത എഴുതിയിട്ടുണ്ട്.

(വസ്തുതകൾ: 1987 സെപ്തംബർ 20—ലെ ജർമൻ ട്രൈബ്യൂൺ വാരികയിലെ ഒരു ലേഖനത്തിൽനിന്നു്.)

(25 ഒക്ടോബർ, 1987)

# 104. നരവാനരർ

അറയ്ക്കുന്നതോ, വെറുക്കുന്നതോ, അപകടസാദ്ധ്യതയുള്ളതോ ആയ ഒട്ടേറെ തൊഴിലുകൾ പരിഷ്കൃതജീവിതത്തിനു് ഒഴിച്ചുകൂടാത്തവയാണ്. തോട്ടികളോ, തൂപ്പുകാരോ ഇല്ലാത്ത ഒരു നഗരത്തെപ്പററി ആലോചിച്ചു